# മീനങ്ങാടി ഗ്രാമപഞ്ചായത്ത്

പി.ഒ.മീനങ്ങാടി – 673 591 വയനാട് ജില്ല, ഫോൺ – 247236

E-mail : meenangadigp@gmail.com www.lsgkerala.in/meenangadipanchayat


"ഭരണഭാഷ – മാതൃഭാഷ"

നമ്പർ.എ3.4202/15 തീയതി. 15/07/2015

## പുനർലേലപരസ്യം

മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന ഇനങ്ങളിൽ 31-03-2016 വരെ കൈവശം വെച്ച് അനുഭവിക്കുന്നതിനുള്ള കുത്തകാവകാശം 27/07/2015 തിങ്കളാഴ്ച പകൽ 2 മണിക്ക് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ച പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

| ക്രമ നം | ഇനം | നിരത ദ്രവ്യം | കാലാവധി |
|---|---|---|---|
| 1 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് ബി3 നമ്പർ മുറി | 10000 | 31-03-2016 വരെ |
| 2 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് എഫ്2 നമ്പർ മുറി | 10000 | 31-03-2016 വരെ |
| 3 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് എഫ്5 നമ്പർ മുറി | 10000 | 31-03-2016 വരെ |

1. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മേൽപട്ടികയിൽ ഓരോ ഇനത്തിലും കോളം 3 ൽ പറയുന്ന തുക ലേല നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്.
2. ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആളുടെ പേരിൽ ലേലം താല്കാലികമായി ഉറപ്പിക്കുന്നതും, ലേലത്തുകയുടെ 50% അപ്പോൾ തന്നെ പഞ്ചായത്ത് ഓഫീസിൽ ഒടുക്കേണ്ടതുമാണ്. ലേലം അന്തിമമായി ഉറപ്പിച്ച് അറിയിപ്പ് കിട്ടുന്ന മുറയ്ക്ക് ബാക്കി വരുന്ന 50% തുക കൂടി അടച്ച് നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ ഒപ്പിട്ട് നൽകേണ്ടതാണ്. ലേല സംഖ്യയുടെ 5% വരുന്ന തുക ജാമ്യ നിക്ഷേപമായി കെട്ടി വെയ്ക്കേണ്ടതാണ്.
3. ഏറ്റവും കൂടുതൽ തുക വിളിക്കുന്നവരുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. 3 മാസത്തെ വാടക അപ്പോൾ തന്നെ അടക്കേണ്ടതും ബാക്കി 3 മാസത്തെ വാടക പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി അടയ്ക്കേണ്ടതാണ്. പ്രതിമാസ വാടകയോടൊപ്പം വാടകയുടെ 12.36% കേന്ദ്ര സർവ്വീസ് സെസ് ആയി ഒടുക്കേണ്ടതുമാണ്. നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ ഒപ്പിട്ട് നൽകേണ്ടതാണ്.
4. ഏതെങ്കിലും തരത്തിൽ പഞ്ചായത്തിൽ കുടിശ്ശിക ഉള്ളവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
5. ലേലം സ്ഥിരപ്പെടുത്തുന്നതിനും, കാരണം കാണിക്കാതെ തള്ളികളയുന്നതിനുമുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാണ്.
6. ലേലം പ്രത്യേക കാരണങ്ങൾകൊണ്ട് മാറ്റിവെക്കുന്നതിനും, റദ്ദാക്കുന്നതിനും പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം അവധി ആയാൽ അടുത്ത പ്രവർത്തി ദിവസം നടത്തുന്നതാണ്.
7. ഈ നിബന്ധനകൾക്ക് പുറമെ പഞ്ചായത്തിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. കാലാകാലങ്ങളിൽ വരുന്ന സർക്കാർ ഉത്തരവുകൾ ബാധകമായിരിക്കുന്നതാണ്.
8. ലേലത്തിൽ പങ്കെടുക്കുന്നവർ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
9. 27/07/2015 ന് പകൽ 2 മണിക്ക് മുമ്പായി നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്.
10. കൂടുതൽ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാവുന്നതാണ്.

ഒപ്പ്,
സെക്രട്ടറി,
മീനങ്ങാടി ഗ്രാമപഞ്ചായത്ത്.